# ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി

1974 July

## മാർഗ്ഗനിർദ്ദേശങ്ങൾ

കൃഷി വകുപ്പ്
കേരള സർക്കാർ

FARM INFORMATION BUREAU
TRIVANDRUM-3

Scanned by CamScanner

# യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി

## മാർഗ്ഗനിർദ്ദേശങ്ങൾ

### ലക്ഷ്യം

കേരളത്തിലെ എല്ലാപഞ്ചായത്തുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരുലക്ഷം യുവതീയുവാക്കളെ കാർഷികവൃത്തിയിൽ പങ്കാളികളാക്കുകവഴി അവർക്ക് സ്ഥിരമായ തൊഴിലും വരുമാനവും ഉണ്ടാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അവരുടെ കൈവശമുള്ള കൃഷിയിടത്തിൻെറ സമഗ്രമായ വികസനത്തിന് ഒരു കാർഷിക പരിപാടി ആവ്ഷ്കരിക്കും. കൃഷിയോടൊപ്പം മൃഗപരിപാലനം, മത്സ്യവികസനം, ക്ഷീരവികസനം, കാർഷികകോല്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം തുടങ്ങി കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു വികസന തന്ത്രമായിരിക്കും സ്വീകരിക്കപ്പെടുന്നത്.

ഒരു പഞ്ചായത്തിൽനിന്നും ശരാശരി 100 പേരെ തിരഞ്ഞെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ സാദ്ധ്യതകൾ കണക്കിലെടുത്ത് ഒരു പഞ്ചായത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം 100-ൽ കുറവോ കൂടുതലോ ആയി ജില്ലാ കൃഷിഓഫീസർക്ക് നിശ്ചയിക്കാവുന്നതാണ്. പക്ഷേ ഒരു ജില്ലയിലെ മൊത്തം അംഗങ്ങളുടെ എണ്ണം ഒരു പഞ്ചായത്തിന് 100 പേർ എന്നതിൽ കവിയാൻ പാടുള്ളതല്ല. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10 ശതമാനം അംഗത്വംനൽകേണ്ടതാണ്. ഈ വിഭാഗത്തിൽനിന്നും ആവശ്യമായ അപേക്ഷകൾ ഇല്ലെങ്കിൽ മറ്റുവിഭാഗത്തിലെ അപേക്ഷകൾ പരിഗണിക്കാവുന്നതാണ്.

### യോഗ്യതകൾ

- കൃഷി മുഖ്യതൊഴിലായി സ്വീകരിക്കുവാൻ തയ്യാറുള്ളവരായിരിക്കണം.
- കാർഷിക വൃത്തിയിൽ അഭിരുചിയും താല്പര്യവും ഉണ്ടായിരിക്കണം.
- അമ്പതുസെൻറു കൃഷിഭൂമിയെങ്കിലും സ്വന്തംപേരിലോ, കൈവശത്തിലോ ഉണ്ടായിരിക്കണം. തെരഞ്ഞെടുക്കുന്ന പ്രവൃത്തിയുടെ സ്വഭാവമനുസരിച്ച് ഈ നിബന്ധനയിൽ അയവുവരുത്താവുന്നതാണ്. കൃഷിസ്ഥലം ഏതു പഞ്ചായത്തിലാണോ ആ പഞ്ചായത്തിലെ കൃഷിഭവനിൽ അംഗത്വം രജിസ്റ്റർ ചെയ്യേണ്ടതാണ്. കൃഷിയോ തെരഞ്ഞെടുക്കുന്ന മറ്റുതൊഴിലോ വേറൊരുപഞ്ചായത്തിലേക്കുമാറ്റുകയാണെങ്കിൽ അംഗത്വവും ആ പഞ്ചായത്തിലേക്കുമാറ്റിവാങ്ങേണ്ടതാണ്.
- സാമാന്യം നല്ല ശരീരശേഷി ഉണ്ടായിരിക്കണം.
- എഴുത്തും വായനയും അറിഞ്ഞിരിക്കണം.
- 1994 ജൂലൈ ഒന്നാംതീയതി 20 വയസ്സ് പൂർത്തീകരിക്കുകയും, എന്നാൽ 30 വയസ്സിൽ കവിയാതിരിക്കുകയും വേണം. കൂടുതൽ വിദ്യാഭ്യാസയോഗ്യത ഉള്ളവർക്ക്, പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസമുള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും.
- ഒരു കുടുംബത്തിൽനിന്നും ഒരാൾക്കുമാത്രമേ ഈ പദ്ധതിയിൽ അംഗത്വം നൽകുകയുള്ളു.
- ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഏതെങ്കിലും മേഖലയിൽ ഇപ്പോൾ തൊഴിൽചെയ്തുകൊണ്ടിരിക്കുന്നവർക്കു മുൻഗണന നൽകുന്നതാണ്.
- പദ്ധതി വിഹിതം ഒരു ഗഡുവായി 1000 രൂപ ആദ്യംതന്നെ അടയ്ക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്.

Scanned by CamScanner

## കാർഷിക പരിപാടികൾ

ഈ പദ്ധതിക്കുവേണ്ടി താഴെപറയുന്ന പരിപാടികൾ കാർഷിക പരിപാടികളായി അംഗീകരിക്കുന്നതാണ്.

1. വിളപരിപാലനം.
2. പശുവളർത്തൽ.
3. കോഴിവളർത്തൽ.
4. ആടുവളർത്തൽ.
5. പന്നിവളർത്തൽ.
6. മുയൽവളർത്തൽ.
7. താറാവുവളർത്തൽ.
8. തേനീച്ച വളർത്തൽ.
9. മത്സ്യകൃഷി.
10. നടീൽ വസ്തുക്കളുടെ ഉല്പാദനം/വിതരണം.
11. വാണിജ്യപരമായ ഉദ്യാനകൃഷി.
12. ഔഷധച്ചെടിവളർത്തൽ.
13. കാർഷികോല്പന്നങ്ങളുടെ സംഭരണം/സംസ്ക്കരണം/വിതരണം.
14. കാർഷികോപകരണങ്ങൾ വാടകയ്ക്കു നൽകൽ.
15. പാലുല്പന്നങ്ങളുടെ ഉല്പാദനം/വിതരണം.
16. മാംസോല്പന്നങ്ങളുടെ സംസ്ക്കരണം/വിതരണം.
17. ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം.
18. കൃത്രിമ ബീജസങ്കലനം.
19. കൊപ്രസംസ്ക്കരണം.
20. കാർഷിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
21. സെറിക്കൾച്ചർ.
22. കൂൺകൃഷി.
23. മത്സ്യസംസ്ക്കരണം/വിതരണം.
24. മുട്ട സംഭരണം/വിതരണം.
25. ജൈവ, ജീവാണു, മണ്ണിര വളങ്ങളുടെ ഉല്പാദനം, വിതരണം.

ഇതുപോലെയുള്ള ഇതരപ്രവർത്തനങ്ങളും ഏറ്റെടുത്തുനടപ്പിലാക്കാവുന്നതാണ്.

മേൽപറഞ്ഞ ഒന്നോ അതിൽക്കൂടുതലോ പരിപാടികൾ ഏറ്റെടുത്തു നടത്താവുന്നതാണ്. ആവശ്യമെന്നുവന്നാൽ ഏറ്റെടുത്ത ഒരു തൊഴിലിൽനിന്നും മറ്റൊരു തൊഴിലിലേക്കുമാറാവുന്നതാണ്. അതിന് ജില്ലാ കൃഷിഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണം.

## പ്രവർത്തന രീതി

1. പത്രങ്ങൾ, റേഡിയോ, ടി.വി. മുതലായ മാധ്യമങ്ങൾ വഴിയും ഗ്രൂപ്പ് ചർച്ചകൾ നടത്തിയും മറ്റു സമ്പർക്കരീതികളിലൂടെയും ഈ പദ്ധതിക്ക് വേണ്ടത്ര പ്രചാരണം നൽകണം.
2. ഓറിയന്റേഷൻ ക്ലാസ്സ്

   പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാവർക്കും ഒരു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സ് നടത്തണം.
3. വിവിധ വകുപ്പുകളുടെ യോഗം

   വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഈ പദ്ധതിയുടെ നടത്തിപ്പിലുള്ള ചുമതലകളും, പദ്ധതിയുടെ പ്രവർത്തനരീതിയും മറ്റും ഈ യോഗത്തിൽ വിശദമാക്കേണ്ടതാണ്.

Scanned by CamScanner

## (ii) ജില്ലാതല കമ്മിറ്റി

**a.** ജനറൽ കമ്മിറ്റി

അദ്ധ്യക്ഷൻ - ജില്ലാ കളക്ടർ

കൺവീനർ - ജില്ലാ കൃഷി ആഫീസർ

അംഗങ്ങൾ - കൃഷി, സഹകരണം, ക്ഷീര വികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, എന്നീ വകുപ്പുകളുടെ ജില്ലാതല തലവന്മാർ, ജില്ലാ സഹകരണ ബാങ്ക് പ്രസിഡൻറ്, ലീഡ് ബാങ്ക്, കാർഷിക വികസനബാങ്ക്, നബാർഡ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട കൃഷി ഡെപ്യൂട്ടി ഡയറക്ടർ

ചുമതലകൾ - പദ്ധതിയുടെ ജില്ലാതല മേൽനോട്ടവും ജില്ലാതലത്തിൽ വിവിധ വകുപ്പു കളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കുക, പദ്ധതി യുടെ നടത്തിപ്പിനുവേണ്ടി മാർഗ്ഗനിർദ്ദേശം നൽകുക, പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, പെൻ ഷൻ ഗ്രാറ്റുവിറ്റി ഇവ നൽകുന്നതിന് പഞ്ചായത്തുകമ്മിറ്റിയുടെ ശുപാർശ കിട്ടുന്ന മുറയ്ക്ക് അവയെ പരിശോധിച്ചു പാസ്സാക്കി, സംസ്ഥാനകമ്മി റ്റിക്ക് അയയ്ക്കുക, പഞ്ചായത്തുതല കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടു ക്കുന്നതിലുണ്ടാകുന്ന പരാതികൾ പരിശോധിച്ച് അവസാന തീരുമാന മെടുക്കുക, എന്നിവ ഈ കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നു. കൂടാതെ ജില്ലയിലെ പഞ്ചായത്തുതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും, പോരായ്മകൾ കാണുന്ന പഞ്ചായത്തുകളിലെ പ്രവർത്തനം കാര്യ ക്ഷമമാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഏതെ ങ്കിലും അംഗത്തെ അംഗത്വത്തിൽനിന്നൊഴിവാക്കണമെന്നു പഞ്ചായത്തു കമ്മിറ്റി ശുപാർശചെയ്താൽ അതിന്മേൽ അന്തിമതീരുമാനം എടു ക്കേണ്ടതും ഈ കമ്മിറ്റിയാണ്. 4 മാസത്തിലൊരിക്കലോ ആവശ്യമെന്നു തോന്നുന്നപക്ഷം 4 മാസത്തിനിടയ്ക്ക് എപ്പോൾ വേണമെങ്കിലുമോ യോഗം ചേരുന്നതാണ്.

## (iii) പഞ്ചായത്തുതല കമ്മിറ്റി

അദ്ധ്യക്ഷൻ - പഞ്ചായത്തു പ്രസിഡൻറ്

കൺവീനർ - കൃഷി ആഫീസർ

അംഗങ്ങൾ - കൃഷി അസിസ്റ്റൻറു ഡയറക്ടർ, പഞ്ചായത്തിലെ മൃഗഡോക്ടർ, ക്ഷീര വികസന എക്സ്റ്റെൻഷൻ ആഫീസർ, ഫിഷറീസ് ഇൻസ്പെക്ടർ (മത്സ്യവികസന സംബന്ധമായ പദ്ധതികൾ സാദ്ധ്യമായ പഞ്ചായത്തു കളിൽമാത്രം) പ്രാഥമിക സഹകരണബാങ്ക് പ്രസിഡൻറ്, ദേശസാൽകൃതബാങ്ക് മാനേജർ.

ചുമതലകൾ - സർക്കാർ തീരുമാനിക്കുന്നതനുസരിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ നിർ ദ്ദിഷ്ട ഫാറത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചും ഇൻറർവ്യൂ നടത്തിയും മറ്റും അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ഈ കമ്മിറ്റിയായി രിക്കും. കൂടാതെ പെൻഷൻ/ഗ്രാറ്റുവിറ്റി തുടങ്ങി അംഗങ്ങൾക്കു നൽ കേണ്ട ആനുകൂല്യങ്ങൾ കണക്കാക്കി പാസ്സാക്കുകയും, ശുപാർശയോടു കൂടി ജില്ലാ കമ്മിറ്റിക്കു അയക്കുകയും വേണം. ഈ കമ്മറ്റി രണ്ടുമാ സത്തിലൊരിക്കലെങ്കിലും കൂടുകയും അംഗങ്ങളായ യുവകർഷകരെ പഞ്ചായത്തുതലത്തിൽ വിളിച്ചുകൂട്ടി പരിപാടിയുടെ പുരോഗതി അവലോ കനം ചെയ്യേണ്ടതുമാണ്.

Scanned by CamScanner

തെരഞ്ഞെടുക്കപ്പെട്ടകേന്ദ്രങ്ങളിൽ വച്ചുനടത്തുന്ന പ്രത്യേക വിദഗ്ദ്ധപരിശീലനത്തിന് അംഗസംഖ്യ 50-ൽ കവിയാൻ പാടില്ല. ഇത്തരം ഒരു പരിശീലനപരിപാടിക്ക് 17500 രൂപാക്രമത്തിൽ മൊത്തം 350 ലക്ഷം രൂപവരെ ചെലവുവരുന്നതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട കൃഷി അസിസ്റ്റൻറുമാർ, കൃഷി ഓഫീസർമാർ, മൃഗഡോക്ടർമാർ, ലൈവ്സ്റ്റോക്ക് അസിസ്റ്റൻറുമാർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർ, ഫിഷറീസ് ഇൻസ്പെക്ടർമാർ, അതാതു പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുന്ന മറ്റുവകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥൻമാർക്കും കേന്ദ്ര-സംസ്ഥാന വകുപ്പുകളുടെയും, മറ്റു സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളിൽവച്ച് ഓറിയൻേറഷൻ ക്ലാസുകൾ നടത്തുന്നതാണ്. ഇതിനാവശ്യമായ പഠന സഹായികൾ, ഉപകരണങ്ങൾ, പ്രദർശനസാമഗ്രികൾ ഇവ വാങ്ങുന്നതിനും മറ്റു ചെലവുകൾക്കുമായി 25 ലക്ഷം രൂപ വരെ ചെലവഴിക്കുന്നതാണ്.

2. ഓരോ അംഗത്തിനുംവേണ്ടി തയ്യാറാക്കുന്ന ഫാംപ്രൊഡക്ഷൻ പ്ലാനിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ ഹ്രസ്വ-മദ്ധ്യ-ദീർഘകാലവായ്പകൾ ലഭ്യമാക്കേണ്ടതാണ്. സഹകരണബാങ്കുകളിൽനിന്നും, മറ്റുബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കാവുന്നതാണ്.

3. അംഗങ്ങൾ അവർ തരഞ്ഞെടുത്ത കാർഷികമേഖലയിൽ തൃപ്തികരമായി പ്രവർത്തിക്കാതിരിക്കുകയോ പദ്ധതിയുടെ നടത്തിപ്പിന് നിയോഗിക്കപ്പെട്ട വകുപ്പുകളുടെ/എജൻസികളുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയോ ചെയ്താൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്തുതല ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തുതല കമ്മിറ്റിയുടെ ശുപാർശപ്രകാരം ജില്ലാതലകമ്മിറ്റി അന്തിമതീരുമാനം എടുക്കുന്നതാണ്.

## പെൻഷൻ നൽകുന്നവിധം

കൃഷിഭവനിൽ അംഗങ്ങളുടെ പൂർണ്ണവിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 60 വയസ്സുതികഞ്ഞ് പെൻഷൻ ആകുന്ന മുറയ്ക്കും മേൽപ്പറഞ്ഞ അംഗത്തിന് പദ്ധതിയിൽ അംഗത്വം ഉണ്ടായിരുന്ന കാലദൈർഘ്യമനുസരിച്ചും ഗ്രാറ്റുവിറ്റിയും, പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷനും കണക്കാക്കി പഞ്ചായത്തുതലകമ്മിറ്റിയിൽ വച്ചു പാസ്സാക്കി ജില്ലാതല കമ്മിറ്റിക്ക് കൊടുക്കേണ്ടതും, ജില്ലാതലകമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സംസ്ഥാനകമ്മിറ്റിക്ക് അയച്ചു കൊടുക്കേണ്ടതും സംസ്ഥാന മാനേജുമെൻറ് കമ്മിറ്റി ഗ്രാറ്റുവിറ്റിയും പെൻഷനും അനുവദിക്കുന്നതുമാണ്. 60 വയസ്സുതികഞ്ഞ് പെൻഷൻ അനുവദിച്ചുകഴിഞ്ഞു മരിക്കുന്ന വ്യക്തിയുടെ അവകാശിക്ക് ഈ രീതിയിൽ തന്നെ ഒരുലക്ഷം രൂപ അനുവദിക്കുന്നതാണ്.

പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ച അംഗങ്ങൾക്ക് 60 വയസ്സ് തികയുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പെൻഷനും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്.

| *പദ്ധതിയിൽ അംഗമാകുമ്പോഴുള്ള വയസ്സ്* | *അറുപത്വയസ്സ് തികയുമ്പോൾ ലഭിക്കുന്ന പെൻഷൻ (രൂപ)* | *അറുപതുവയസ്സ് തികയുമ്പോൾ ലഭിക്കുന്ന ഗ്രാറ്റുവിറ്റി (രൂപ)* | *പെൻഷൻ ലഭിച്ച അംഗം മരണപ്പെട്ടാൽ നോമിനിക്ക് ലഭിക്കുന്ന സഹായധനം (രൂപ)* |
|---|---|---|---|
| 20 വയസ്സ് മുതൽ 21 വരെ | 1,000 | 60,000 | 1,00,000 |
| 21 മുതൽ 22 വരെ | 1,000 | 55,000 | 1,00,000 |
| 22 മുതൽ 23 വരെ | 1,000 | 50,000 | 1,00,000 |
| 23 മുതൽ 24 വരെ | 1,000 | 45,000 | 1,00,000 |
| 24 മുതൽ 25 വരെ | 1,000 | 40,000 | 1,00,000 |
| 25 മുതൽ 26 വരെ | 1,000 | 35,000 | 1,00,000 |
| 26 മുതൽ 27 വരെ | 1,000 | 30,000 | 1,00,000 |
| 27 മുതൽ 28 വരെ | 1,000 | 30,000 | 1,00,000 |
| 28 മുതൽ 29 വരെ | 1,000 | 30,000 | 1,00,000 |
| 29 മുതൽ 30 വരെ | 1,000 | 30,000 | 1,00,000 |

Scanned by CamScanner